# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-1607/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-1607/22 തീയ്യതി: 07/11/2022

## എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ എൻ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജോസഫ് ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജയ.കെ.എ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതി.എം.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 02-05-2021 |
| ശ്രീ.പരമേശ്വരൻ ഉണ്ണി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2021 | 03-06-2021 |
| ശ്രീമതി.ശ്രീദേവി എൻ | സെക്രട്ടറി | 04-06-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പരമേശ്വരൻ ഉണ്ണി.എൻ | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| ഓഴിവ് | അസി. സെക്രട്ടറി | 13-07-2021 | 18-07-2021 |
| ശ്രീ.വി പി മോഹനൻ നായർ | അസി. സെക്രട്ടറി | 19-07-2021 | 31-03-2022 |
| ശ്രീമതി.പ്രിയദർശിനി.പി | കൃഷി ഓഫീസർ | 01-04-2021 | 06-05-2021 |
| ശ്രീ.എൽദോസ് പി സി | കൃഷി ഓഫീസർ | 07-05-2021 | 24-05-2021 |
| ശ്രീമതി.ചന്ദന എസ് അശോക് | കൃഷി ഓഫീസർ | 25-05-2021 | 23-09-2021 |
| ശ്രീമതി.ജോസ്ന ജോസ് | കൃഷി ഓഫീസർ | 24-09-2021 | 31-03-2022 |
| ശ്രീമതി.ധർമകീർത്തി.പി.പി | അസിസ്റ്റന്റ് എൻജിനിയർ | 01-04-2021 | 30-06-2021 |
| ശ്രീ.അനീഷ് സത്യൻ | അസിസ്റ്റന്റ് എൻജിനിയർ | 01-07-2021 | 21-07-2021 |
| ശ്രീമതി.ആര്യ സി ഉണ്ണി | അസിസ്റ്റന്റ് എൻജിനിയർ | 22-07-2021 | 31-03-2022 |
| ശ്രീമതി.നിഷ.എം.കെ | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് കുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ഗിരിഷ് | മെഡിക്കൽ ഓഫീസർ ,പിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.ദീപ്തി.കെ.എച്ച് | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജോമി ജോസഫ് | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2021 | 24-09-2021 |
| ഡോ.മേരി സബാസ്റ്റ്യൻ | ആയുർവേദ മെഡിക്കൽ ഓഫീസർ | 22-11-2021 | 31-03-2022 |
| ഡോ.ഷീന ജോസഫ് | വെറ്റനറി സർജൻ | 01-04-2021 | 16-12-2021 |

| | | | |
|---|---|---|---|
| ഡോ.ദിയ എസ് | വെറ്ററിനറി സർജൻ | 17-12-2021 | 31-03-2022 |
| ശ്രീമതി.ലിജി സൈമൺ | ഹെഡ്മിസ്ട്രസ്സ് , ഗവ.യുപിഎസ്,ഉപ്പുകണ്ടം | 01-04-2021 | 31-03-2022 |
| ശ്രീ.മഞ്ജുഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 06-09-2021 |
| ശ്രീ.പ്രിയരഞ്ചൻ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-09-2021 | 31-03-2022 |
| ഡോ.ജിൻഷിദ് സദാശിവൻ | ആയുർവേദ മെഡിക്കൽ ഓഫീസർ | 25-09-2021 | 21-11-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 28-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-3 |
| 4 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 04-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-10 |
| 11 | ഗ്രാമസഭ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-11 |
| 12 | സേവിംഗ്സ് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-12 |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക<br>Written By: Aneesh T S (Auditor, On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 04-11-2022) | 1-14 |
| 15 | ഓഡിറ്റ് ഇംപാക്ട്<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-15 |
| 16 | പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 04-11-2022) | 1-16 |
| 17 | അംഗൻവാടികൾക്ക് ഉപകരണങ്ങൾ -വാങ്ങൽ നടപടികൾ സുതാര്യമല്ല | 1-17 |

| | | |
|---|---|---|
| | Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 04-11-2022) | |
| 18 | മുൻകൂർ തുക നൽകി - മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-18 |
| 19 | സമഗ്ര വിളപരിപാലനം - സംബന്ധിച്ച്<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-19 |
| 20 | ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.<br>Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-20 |
| 21 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-21 |
| 22 | 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 14-10-2022) | 1-22 |
| 23 | ഭവന പദ്ധതികൾക്കായി ലഭിച്ചതും, വർഷങ്ങളായി ചെലവഴിക്കപ്പെടാതെ ശേഷിച്ചതുമായ തുക തനത് ഫണ്ടിലേയ്ക്ക് ക്രമ വിരുദ്ധമായി മാറ്റി<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-23 |
| 24 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യാതിട്ടില്ലാത്തത് സംബന്ധിച്ച്<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-25 |
| 26 | മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസ്സം- കാലാവധി ദീർഘിപ്പിക്കുന്നതിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 31-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-26 |
| 27 | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല<br>Written By: Joseph George (Senior Grade Auditor, On 30-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-27 |
| 28 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത്.<br>Written By: Aneesh T S (Auditor, On 31-08-2022)<br>Last Updated By: E R Soudamani (Office Superintendent, On 15-10-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Aneesh T S (Auditor, On 30-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 30-08-2022)<br>Last Updated By: Asad N.E (Computer Assistant, On 15-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 08.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.02.2022 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | 21,63,10,532/- | 4,86,96,687/- |
| ചെലവ് | 21,58,73,159/- | 5,08,54,425/- |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ഈ പൊരുത്തക്കേട് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 13.05.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7591004 |
| വരവ് | 48696687 |
| ആകെ | 56287691 |
| ചെലവ് | 50854425 |
| നീക്കിയിരിപ്പ് | 5433266 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1465525 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8102655 | 8102655 | 8022831 | 0 | 79824 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1731433 | 1731433 | 1606836 | 0 | 124597 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9924244 | 9924244 | 9597541 | 0 | 326703 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4853319 | 4853319 | 3356215 | 0 | 1497104 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് Basic Grant | 0 | 2389220 | 2389220 | 2377453 | 365 | 11402 |
| ധനകാര്യകമ്മീഷൻ അവാർഡ് Tied Grant | 0 | 4027580 | 4027580 | 3001170 | 1020261 | 6149 |
| ശുചിത്വമിഷൻ | 1782063 | 284277 | 2066340 | 2032902 | 33438 | |
| ഐ സി ഡി എസ് | 814386 | 413456 | 1227842 | 1127414 | 100428 | |
| ആർ ജി എസ് എ | 0 | 398419 | 398419 | 398419 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പദ്ധതി പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 145 | 99092191 | 129 | 39085113 | 110 | 19 | 16 | 75.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,709 | 1201985 | 1204694 | 1204694 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14442637 | 14442637 | 14442637 | 0 |
| ആകെ | 2,709 | 15644622 | 15647331 | 15647331 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകത്തൊഴിലാളി പെൻഷൻ | 3357400 | 67 |
| വിധവാപെൻഷൻ | 8169100 | 331 |
| വാർദ്ധക്യകാല പെൻഷൻ | 22072200 | 1469 |
| വികലാംഗ പെൻഷൻ | 2446000 | 107 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 957200 | 38 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2022 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14173/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.
2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.
4. പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്
5.മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി

തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019, 25.7.2019 | 01.06.2019-30.6.2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014-01.03.2014 | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് രണ്ട് ഗ്രാമസഭകൾ വീതമാണ് ചേർന്നിട്ടുള്ളത്.

## 1-12 സേവിംഗ്സ് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എറണാകുളം ഡിസ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്കിന്റെ കൂത്താട്ടുകുളം ശാഖയിൽ നിലവിലുള്ള അക്കൗണ്ടിലെ (009281000000002) 1.4.21 ലെ നീക്കിയിരുപ്പ് 775334/- രൂപയാണ്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിന് നാളിതുവരെ നിയമാനുസൃത നിരക്കിലുള്ള പലിശ ലഭിച്ചിട്ടില്ലാത്തതായി കാണുന്നു.പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത് 15.5.2009 ലാണ്. അക്കൗണ്ടിലുണ്ടായിരുന്ന നീക്കിയിരുപ്പ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | നീക്കിയിരുപ്പ് തുക | പരാമർശം |
|---|---|---|
| 15.5.09 – 29.12.11 | 580500 | പ്രസ്തുത കാലയളവിലെ ഏറ്റവും കുറഞ്ഞ നീക്കിയിരുപ്പ് |
| 10.5.11 – 29.12.11 | 1280934 | |
| 30.12.11 – 1.2.18 | 1055334 | ഇടപാടുകളില്ല. |
| 13.6.18 – 25.5.21 | 775334 | ഇടപാടുകളില്ല. |
| 26.5.21 – 31.3.22 | 5334 | 26.5.21 ൽ 770000/- രൂപ യുബിഐ ലേയ്ക്ക് മാറ്റി. |

ബാങ്ക് ഇടപാടുകളില്ലാതെ ലക്ഷകണക്കിന് രൂപ നീക്കിയിരുപ്പായി വർഷങ്ങളോളം അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നിട്ടും പലിശ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലാത്തത് മൂലം ഭീമമായ സാമ്പത്തിക നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ളത്. ടി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി വിഷയത്തിൽ (എൻക്വയറി നം.7/27.8.22) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പലിശ ലഭിക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായും അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

പലിശ ഇനത്തിലുള്ള തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കെട്ടിട ഉടമ | നികുതി നിലവിൽ വന്ന | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 50 രൂപ | നിർണ്ണയിച്ച നികുതി - 30 | കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | അർദ്ധവർഷം | | നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഒഴികെ) | സെസ് ഉൾപ്പെടെ) |
| 11/420/A | ജോസ് പോൾ, കുറ്റിയറ,പാലക്കുഴ | 2013-14(1) | 129.98 | 6499 | 3899.4 | 2599.6 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 2013 ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/2021-22 തിയതി 30/08/2022 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

പാലക്കുഴ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2013 ആദ്യ പകുതി മുതലുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശിക തുക (20-21 വരെ) |
|---|---|---|---|
| 1, | 01/151 | ബി.എസ്.എൻ.എൽ | 43470 |
| 2, | 12/107 | ബി.എസ്.എൻ.എൽ | 44230 |
| ആകെ | | | 87700 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 20 / 2021-22 തിയതി 30.08.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് 3/2021-22, 26/08/22 നം ഓഡിറ്റ് അന്വേഷണത്തിലൂടെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 11520/- രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഒടുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | ഇാടാക്കിയ ഫീസ് | രസീത് നം/തീയതി |
|---|---|---|---|
| 1 | കൃഷ്ണ ഫ്ലോർമിൽ | 1080 | 1220100889, 29-8-2022 |
| 2 | സർവ്വോക്തം ഗ്രാനൈറ്റ്സ് | 2100 | 1220100910, 29-8-2022 |
| 3 | ഹൈടെക്ക് സിമന്റ് ബ്രിക്സ് | 2160 | 1220100894,29-8-2022 |
| 4 | സീ റ്റീ മാർക്കറ്റിങ്ങ് | 1080 | 1220100873,27-8-2022 |
| 5 | മേരിമാത സിമന്റ് ബ്രിക്സ് | 720 | 1220100929,30-8-2022 |
| 6 | കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് | 2400 | 1220100918,30-8-2022 |
| 7 | ഗുരുദേവ് എഞ്ചിനിയറിംഗ് വർക്സ് | 540 | 1220100891,29-8-2022 |
| 8 | ജനത എഞ്ചിനിയറിംഗ് വർക്സ് | 360 | 1220100882,27-8-2022 |
| 9 | ആഷ ട്രേഡിങ്ങ് കമ്പനി | 600 | 1220100898,29-8-2022 |
| 10 | ബ്രദേഴ്സ് അഗ്രോ മെഷിനറി | 480 | 1220100913,30-8-2022 |
| ആകെ | | 11520/- | |

## 1-16 പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി വാർഷിക പദ്ധതി മുഖാന്തിരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളും ഏജൻസികളും കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 82/ 2022 | പാറക്കണ്ടത്തിൽഭാഗം പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി- PH ഡിവിഷൻ, മൂവാറ്റുപുഴ | Rs.170000/- Bill-No.48/2021-22 Dtd 23.02.2022 |
| 84/ 2022 | മാറിക- കരിയലാംതോട് പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി- PH ഡിവിഷൻ, മൂവാറ്റുപുഴ | Rs.410218/- Bill-No.49/2021-22 Dtd 23.02.2022 |
| 142 /2022 | മാറിക- കരിയലാംതോട് പൈപ്പ് ലൈൻ നീട്ടൽ -രണ്ടാം ഘട്ടം | വാട്ടർ അതോറിറ്റി- PH ഡിവിഷൻ, മൂവാറ്റുപുഴ | Rs.459782/-dtd 23/02/2022 (E-Gramaswaraj Portal Bill) |
| 01/2022 | സർവ്വ ശിക്ഷാ അഭയാൻ -ഗ്രാമപഞ്ചായത്ത് വിഹിതം | ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ | Bill-No.24/2021-22 Rs.100000/-dtd 27.10.2021 |
| 02/2022 | ഐ.കെ.എം വിഹിതം | ഐ.കെ.എം | Bill-No.17/2021-22 Rs.42183/-dtd 20.09.2021 |
| | ആകെ | | 11,82,183 |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു . (എൻക്വയറി നമ്പർ – 12 Dtd 28/08/2022 ). വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ മേൽ പദ്ധതികളിലായി ചെലവഴിച്ച 11,82,183 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 അംഗൻവാടികൾക്ക് ഉപകരണങ്ങൾ -വാങ്ങൽ നടപടികൾ സുതാര്യമല്ല

പ്രോജക്ട്നം-24/2022
നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ- 112524/- (M.G Non-Road - 112524)
ചെലവ്-112524/- ( ബിൽ നം-23/2021-22 -Rs.35820 /-Dtd 28/03/2022
ബിൽ നം-24/2021-22 -Rs.32400/-dtd 28/03/2022
ബിൽ നം-25/2021-22 -Rs.44304 /-Dtd 28/03/2022 )

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തയ്യാറാക്കിയ പദ്ധതി പ്രകാരം 2021-22 ൽ 1,12,524 രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗൻവാടികളിലേക്ക് 500 ലിറ്റർ പി.വിസി വാട്ടർ ടാങ്ക്, ഗ്യാസ് സ്റ്റൗ, സീലിംഗ് ഫാൻ , പ്രഷർ കുക്കർ എന്നിവക്കുള്ള നിരക്ക് രേഖപ്പെടുത്താനാണ് ക്വട്ടേഷൻ ക്ഷണിച്ചത് (നോട്ടീസ് നമ്പർ 24/2021-22 Dtd 05.02.2022). ക്വട്ടേഷനിൽ 6 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. പഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിൽ ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, പത്രപ്പരസ്യം നൽകി , അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു മൂലം കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങൽ നടത്താനുള്ള അവസരം ലഭ്യമായില്ല.

2. ആവശ്യമായ ഉപകരണങ്ങളിൽ പ്രഷർ കുക്കറിന് മാത്രമാണ് നോട്ടീസ് പ്രകാരം സ്പെസിഫിക്കേഷന് നൽകിയിരുന്നത്. 500 ലിറ്റർ പി.വിസി വാട്ടർ ടാങ്ക്, ഗ്യാസ് സ്റ്റൗ, സീലിംഗ് ഫാൻ എന്നിവക്കൊന്നിനും കൃത്യമായ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ലാത്തതിനാൽ എല്ലാ ക്വട്ടേഷനുകളിലും വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/02/2022 ലെ 3(1) തീരുമാനപ്രകാരം ഗ്യാസ് സ്റ്റൗ- 2376 രൂപ ( കെ.പി.എം സ്റ്റോർ) , പ്രഷർ കുക്കർ - 2388 രൂപ ( സിത്താര ഷോപ്പിംഗ് സെന്റർ), വാട്ടർ ടാങ്ക് - 3820 രൂപ ( കെ.പി.എം സ്റ്റോർ), സീലിംഗ് ഫാൻ -- 2160 രൂപ (കണ്ടത്തിച്ചിറയിൽ സ്റ്റോർ) എന്നിങ്ങനെയാണ് വാങ്ങൽ നടത്തിയത്. ഈയിനങ്ങളിലെല്ലാം വാങ്ങിയതിലും കുറഞ്ഞ നിരക്കിൽ ബ്രാൻഡഡ് ഉത്പന്നങ്ങൾ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരുന്നു.
ഉദാ: പ്രഷർ കുക്കർ - 1875 രൂപ -Chackson (കണ്ടത്തിച്ചിറയിൽ സ്റ്റോർ), 1600 രൂപ -Pigeon (റാണി മെറ്റൽ സ്റ്റോർ)
സീലിംഗ്ഫാൻ-1699 രൂപ Crompton,1889 രൂപ-Usha( സിത്താര ഷോപ്പിംഗ് സെന്റർ),
ഗ്യാസ് സ്റ്റൗ- 2248 (Bajaj), 1549 (Green Chef)- ( സിത്താര ഷോപ്പിംഗ് സെന്റർ)
വാട്ടർ ടാങ്ക് - 2820 രൂപ -Black ( കെ.പി.എം സ്റ്റോർ)
കുറഞ്ഞ നിരക്കിൽ ബ്രാൻഡഡ് ഉത്പന്നങ്ങൾ തന്നെ ക്വട്ടേഷനുകൾ പ്രകാരം ലഭ്യമായിരുന്നിട്ടും അവ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയതിന് പ്രത്യേകിച്ച് കാരണമൊന്നും ഫയലിൽ

രേഖപ്പെടുത്തിയിട്ടില്ല.
3.ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/02/2022 ലെ 3(1) തീരുമാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ക്വട്ടേഷനുകൾ അംഗീകരിച്ചതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/02/2022 ലെ യോഗത്തിന് മുന്നേ നടന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗമിനിട്സ് പ്രകാരം തീരുമാനങ്ങളിലൊന്നും (തിയതി 22/07/2021, 02/01/2022 & 02/02/2022) ഈ പദ്ധതിയുടെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിന്റെയോ ഏതെങ്കിലും ഉത്പന്നം വാങ്ങാൻ ശുപാർശ നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ക്വട്ടേഷനുകളുടെ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തത് എന്തുകൊണ്ട് എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല.
ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-16 Dtd 29/08/2022) നൽകിയിരുന്നു.മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചെലവഴിച്ച 112524 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 മുൻകൂർ തുക നൽകി - മരുന്ന് ലഭിച്ചിട്ടില്ല.

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 75000/- രൂപ (ബിൽ നം. TRN- 4615/16.11.21) തൻ വർഷം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/27.8.22)മെഡിക്കൽ ഓഫീസർ, ഹോമിയോ ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 സമഗ്ര വിളപരിപാലനം - സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 10/21-22 സമഗ്ര വിളപരിപാലനം |
| അടങ്കൽ | ₹423071.25 പ്ലാൻ ഫണ്ട്<br>₹141023.75 ഗുണഭോക്തൃ വിഹിതം നേരിട്ട് |
| ചെലവ് | ₹423071 ബിൽ നമ്പർ/തീയതി : 2112065200050088905З/5.1.2022 |

മേൽ പ്രോജക്റ്റ് പ്രകാരം 548 ഗുണഭോക്താക്കൾക്ക് സമഗ്ര വിളപരിപാലനത്തിനായി 16117 കിലോഗ്രാം എല്ലുപൊടി നല്കുന്നതിന് ₹423071 പാലക്കുഴ സർവ്വീസ് സഹകരണ ബേങ്കിന് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 25/2021-22, 30/08/2022 ക്കുള്ള മറുപടിയിൽ കിലോഗ്രാമിന് 35 രൂപ വീതം നൽകിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ജില്ലാതലത്തിൽ നിശ്ചയിച്ച നൽകിയിട്ടുള്ള(ഉത്തരവ് നം 6139/20/ഡിപിസി/ഡിപിഒ/ഇകെഎം,തിയതി 20.03.2020) യൂണിറ്റ് കോസ്റ്റായ കിലോഗ്രാമിന് 30 രൂപ യുടെ 75% ആയ 22.50 രൂപയാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. എന്നാലിതിനു പകരം എല്ലുപൊടി കിലോഗ്രാമിന് 35 രൂപ നിരക്കിൽ കണക്കാക്കി, 75% ആയ 26.25 രൂപയാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചത്. ഇതുമൂലം 60439/-രൂപ സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ചു. കിലോഗ്രാമിന് 35 രൂപ വീതം നിരക്ക് കണക്കാക്കി നൽകിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 1-20 ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ – 08/2022
നിർവ്വഹണം- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ – 6,00,000/-
ചെലവ് -5,98,689/-

പാലക്കുഴ പ്രൈമറി ഹെൽത്ത് സെന്റർ വഴി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ,തിരുവനന്തപുരത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും ഇതുവരെ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തിയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 08/2022 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-3525 | 24/11/2021 | Rs.1,00,000/- | 64,621/- | 35,379/- |
| | ആകെ | | | | | Rs.35,379/- |

മുൻകൂർ നൽകിയിട്ടും ലഭിക്കാത്ത മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം -11 തിയതി 28/08/2022) നൽകിയിരുന്നു. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇനി ലഭിക്കാനുള്ള മരുന്നുകളുടെ വിലയായി മുൻകൂർ നൽകിയ 35379 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/29.8.22)അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-22 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല

പ്രോജക്ട്നം-147/2022
നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- 204900/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്-142900/-

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'ഹരിതമിത്രം' -സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സർവ്വീസ് ചാർജ്ജ് ,എസ്.എം.എസ് ചാർജ്ജിനങ്ങളിൽ യഥാക്രമം 135700 രൂപ , 7200 രൂപ വീതം ആകെ 1,42,900 രൂപ പദ്ധതി പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28/06/2021 ലെ ജി.ഒ (ആർ.ടി ) 1220/2021/LSGD ഉത്തരവ് പ്രകാരം അംഗീകരിച്ച സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ശുചിത്വമിഷൻ നൽകുന്ന ഹരിതമിത്രം സോഫ്റ്റ്വെയറിന്റെ കോൺഫിഗറേഷൻ, ആറുമാസകാലയളവിലേക്ക് ടെക്നിക്കൽ സപ്പോർട്ട് , ഹരിതകർമ്മസേനാംഗങ്ങൾക്കും മറ്റുള്ളവർക്കുമുള്ള പരിശീലനം എന്നിവക്കാണ് കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നത്. ഇതിനു പുറമേ 55385 എണ്ണം എസ്.എം.എസ് സേവനങ്ങൾക്കുള്ള തുകയും കൂടിയാണ് മുൻകൂറായി നൽകിയത്. കെൽട്രോണുമായി 18/03/2022ൽ ഏർപ്പെട്ട കരാർ പ്രകാരം ഈ പദ്ധതി നടപ്പാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളും ( കംപ്യൂട്ടർ , ക്യൂആർ കോഡ് പ്രിന്റിംഗ്, മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കൽ ) മനുഷ്യവിഭവശേഷിയും ( നോഡൽ ഓഫീസർ, ഹെൽത്ത് സ്റ്റാഫ്, ടെക്നിക്കൽ അസിസ്റ്റൻസ്, ഹരിത കർമ്മസേന ) ഡാറ്റയും (പദ്ധതി ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ, ഫോൺ നമ്പർ ) ഗ്രാമപഞ്ചായത്ത് നൽകിയ ശേഷമാണ് പദ്ധതിയുടെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. ഈ നടപടികളൊന്നും പൂർത്തീകരിക്കാതെയാണ് ആറുമാസകാലയളവിലേക്ക് ഹരിതമിത്രം എന്ന സോഫ്റ്റ്വെയറിന്റെ സർവ്വീസ് ചാർജ്ജ് ,എസ്.എം.എസ് സേവനങ്ങൾക്കുള്ള തുകയായ 1,42,900 രൂപ കെൽട്രോണിന് മുൻകൂറായി നൽകിയത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം - 18 തിയതി- 29/08/2022) നൽകിയ മറുപടിയിൽ 2022 ജൂലൈ 22 ന് ഒരു പരിശീലനം നടത്തിയതായും ബാക്കി തുടർപ്രവർത്തനങ്ങൾ കെൽട്രോണുമായി കൂടിയാലോചിച്ച് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സഹായിക്കുന്ന പദ്ധതി എത്രയും വേഗം നടപ്പിലാക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ഭവന പദ്ധതികൾക്കായി ലഭിച്ചതും, വർഷങ്ങളായി ചെലവഴിക്കപ്പെടാതെ ശേഷിച്ചതുമായ തുക തനത് ഫണ്ടിലേയ്ക്ക് ക്രമ വിരുദ്ധമായി മാറ്റി

പാലക്കുഴ ഗ്രാമപഞ്ചായത്തിന് ജില്ലാ സഹകരണ ബാങ്കിന്റെ കൂത്താട്ടുകുളം ശാഖയിലുള്ള 00928100000002 നമ്പർ അക്കൗണ്ടിൽ 3 വർഷത്തിലേറെയായി ട്രാൻസാക്ഷനുകളില്ലാത്തതിനാൽ ടി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും 770000 രൂപ പാലക്കുഴ പഞ്ചായത്തിന്റെ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ 446602010008777 (തനത് ഫണ്ട്) അക്കൗണ്ടിലേക്ക് മാറ്റിയിടുന്നതിന് 21.5.21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 10(1) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു.

വിവിധ ഭവന പദ്ധതികൾക്കായി സർക്കാർ / മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 2011-12 സാമ്പത്തിക വർഷം വരെ ലഭിച്ച 1760000/- രൂപയിൽ ചെലവഴിക്കപ്പെടാതെ ശേഷിച്ച തുകയാണ് ഇത്തരത്തിൽ വക മാറ്റിയിട്ടുള്ളത്. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന പക്ഷം ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങൾ / സർക്കാർ എന്നിവിടങ്ങളിലേയ്ക്ക് തന്നെ തിരികെ ഒടുക്കേണ്ടതാണ്. എന്നാലിവിടെ പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്കാണ് മാറ്റിയിട്ടുള്ളത്. ലഭിച്ച തുകയുടെ വിശദ വിവരം (മുൻ വർഷങ്ങളിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം) താഴെ ചേർക്കുന്നു.

| ക്രമ | തുക ലഭിച്ച | തുക | ഇന വിവരം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|

| നം. | തീയതി | | | |
|---|---|---|---|---|
| 1 | 15.5.2009 | 105000 | എസ്.സി വീട് അറ്റകുറ്റപ്പണി | ജില്ലാ പഞ്ചായത്ത് |
| 2 | 15.5.2009 | 525000 | എസ്.സി വനിത വീട് നിർമ്മാണം | ജില്ലാ പഞ്ചായത്ത് |
| 3 | 10.6.2009 | 237500 | എം.എൻ ലക്ഷം വീട് | കെ.എസ്.എച്ച്.ബി, എറണാകുളം |
| 4 | 17.12.2009 | 55000 | ആശ്രയ ഭവനം | ജില്ലാ പഞ്ചായത്ത് |
| 5 | 6.12.2010 | 137500 | എം.എൻ ലക്ഷം വീട് | കെ.എസ്.എച്ച്.ബി, എറണാകുളം |
| 6 | 10.5.2011 | 700000 | എം.എൻ ലക്ഷം വീട് | കെ.എസ്.എച്ച്.ബി, തിരുവനന്തപുരം |
| | | 1760000 | | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/27.8.22) ലഭ്യമാക്കിയ മറുപടിയിൽ ടി അക്കൗണ്ട് നിർജ്ജീവമായി പോകാതിരിക്കുന്നതിനാണ് തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയതെന്നും, ടി തുക പൂർണ്ണമായി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ബാധ്യതയായി അക്കൗണ്ടിൽ രേഖപ്പെടുത്തി ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-24 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യിട്ടില്ലാത്തത് സംബന്ധിച്ച്

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കൂത്താട്ടുകുളം ശാഖയിൽ 31.8.2017 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37126563408). പ്രസ്തുത അക്കൗണ്ടിൽ 31.102009 മുതലാണ് ഇ ടെണ്ടർ ഫീ ഇനത്തിൽ വരവുള്ളത്. പ്രസ്തുത അക്കൗണ്ടിലെ 21.8.22 ലെ നീക്കിയിരുപ്പ് 29385/- രൂപയാണ്. ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

മിനിമം ബാലൻസ് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ 9203/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.8.22)അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, ബാങ്ക് ചാർജ്ജിനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/29.8.22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-26 മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസ്സം- കാലാവധി ദീർഘിപ്പിക്കുന്നതിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസ്സം ഉണ്ടായിട്ടുള്ളതായി കാണുന്നു. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതായി അസി.എഞ്ചിനിയർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വിഷയത്തിൽ നിയമാനുസൃതമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1) മരുതനാട്ടുത്താഴം - കൊരങ്ങോലിത്താഴം റോഡ് റീടാറിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 40/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | ബൈജു ഐസക്ക് |
| എം.ബുക്ക് | : | 16/21-22 |
| എഗ്രീഡ് പിഎസി | : | 324745/- |
| പ്രവൃത്തി മൂല്യം | : | 340487/- |
| ബിൽ നം. | : | ടിആർഎൻ - 7784/26.322 |

15.10.2020 ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധി യാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 14.4.21 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 19.3.22 ലാണ്.

റോഡിൽ പൈപ്പ് ലൈൻ ഇടുന്ന പണികൾ ചെയ്യുന്നതിനാൽ ടാറിംഗ് ജോലികൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ പൂർത്തീകരണ കാലാവധി 31.3.22 വരെ നീട്ടി നൽകണമെന്നുള്ള കരാറുകരന്റെ അപേക്ഷയുടെ (തീയതി ഇല്ല) അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യേഗസ്ഥയായ അസി.എഞ്ചിനിയർ 31.3.22 വരെ കാലാവധി നീട്ടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതിനെ സാധൂകരിക്കുന്നതിന് ആവശ്യമായ യാതൊരു രേഖകളും ഫയലിൽ ഇല്ല. പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തികൾ എത്ര നാൾ ഉണ്ടായിരുന്നു എന്നുള്ള വാട്ടർ അതോറിറ്റിയുടെ അറിയിപ്പ്, അസി.എഞ്ചിനിയറുടെ പരിശോധന റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.

ഹാജരാക്കിയ എം.ബുക്കിൽ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 4.3.22 ലാണ്. കേവലം ഒരു മാസം മാത്രം പൂർത്തീകരണത്തിന് ആവശ്യമായ പ്രവൃത്തിയ്ക്ക് യാതൊരു വിധ പരിശോധനയും കൂടാതെ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ഒന്നര വർഷത്തോളം പൂർത്തീകരണത്തിന് കാലാവധി അനുവദിച്ചതും, നിയമാനുസൃത പിഴ ഈടാക്കാതിരുന്നതും ക്രമ വിരുദ്ധമായി ഓഡിറ്റിൽ കാണുന്നു.

2) പിടിയിരിക്കൽ പാമ്പാറയ്ക്കൽ റോഡ് ടാറിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 45/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | ബൈജു ഐസക്ക് |
| എം.ബുക്ക് | : | 64/19-20 |
| എഗ്രീഡ് പിഎസി | : | 383093/- |
| പ്രവൃത്തി മൂല്യം | : | 365100/- |
| ബിൽ നം. | : | ടിആർഎൻ - 7794/26.322 |

15.10.2020 ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധി യാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 14.4.21 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 15.3.22 ലാണ്.

പ്രസ്തുത പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി റോഡിന്റെ ഇടതു വശത്തോ അതോ വലതു വശത്തോ എന്നത് സംബന്ധിച്ച് തർക്കം ഉണ്ടായതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിക്കാതെ വന്നതിനാൽ പൂർത്തീകരണ കാലാവധി 31.3.22 വരെ നീട്ടി നൽകണമെന്നുള്ള കരാറുകരന്റെ അപേക്ഷയുടെ (തീയതി ഇല്ല) അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യേഗസ്ഥയായ അസി.എഞ്ചിനിയർ 31.3.22 വരെ കാലാവധി നീട്ടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇത്തരത്തിലൊരു ആശയ കുഴപ്പം എപ്രകാരം വന്നു എന്നോ, അതു പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നോ അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടില്ല. ടി വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും എടുത്തിട്ടില്ല. കേവലം കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ഒന്നര വർഷത്തോളം പൂർത്തീകരണത്തിന് കാലാവധി അനുവദിച്ചതും, നിയമാനുസൃത പിഴ ഈടാക്കാതിരുന്നതും ക്രമ വിരുദ്ധമായി ഓഡിറ്റിൽ കാണുന്നു.

3) ടേയ്ക്ക് എ ബ്രേക്ക് - ടൊയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 193/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | മോഹനൻ.വി |
| എഗ്രീഡ് പിഎസി | : | 488829 |
| എം.ബുക്ക് നം. | : | 54/20-21, 31/21-22 |

| | | |
|---|---|---|
| പ്രവൃത്തി മൂല്യം | : | 543263/- |
| ബിൽ നം. | : | ടിആർഎൻ- 6973/26.2.22 |

പ്രസ്തുത പ്രവൃത്തിയുടെ കരാർ 17.2.21 ലാണ് ചമച്ചിട്ടുള്ളത്. 3 മാസം പൂർത്തീകരണ കാലാവധി നൽകിയിട്ടുള്ള ടി പ്രവൃത്തി പൂർത്തീകരിച്ചത് 17.1.22 ലാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സത്തിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനായുള്ള കരാറുകാരന്റെ അപേക്ഷ, അസി.എഞ്ചിനിയറുടെ പരിശോധന റിപ്പോർട്ട്, സപ്ലിമെന്ററി എഗ്രിമെന്റ് എന്നീ നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ലാത്തതായി കാണുന്നു.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/29.8.22, 24/30.8.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2012 ലെ പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, പൂർത്തീകരണ കാലയളവ് നീട്ടി നൽകുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-27 അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം |
| പ്രോജക്ട് നമ്പർ | 7/2022 |
| അടങ്കൽ | 20,50,000/- |
| ചെലവ് | 15,94,536/- |
| തുക, ബിൽ നം./തീയതി | 01/2021-22 Rs.178457/ 20.07.2021<br>02/2021-22 Rs.260608/ 30.08.2021<br>Rs.282627/ 11.10.2021<br>Rs.118991/ 05.01.2022<br>Rs.57391/ 16.02.2022<br>Rs.55375/ 21.03.2022 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ പാലക്കുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ ജി.ഒ. (സാധാ.) നം.1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ഒരു കിലോഗ്രാം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള 73.50 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത് .ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി തുക പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല . വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | അളവ് (Kg) | ജി.എസ്.ടി. @5% |
|---|---|---|---|
| 1 | 2/09.04.2021 | 759 | 2656.50 |
| 2 | 17/17.05.2021 | 747 | 2614.50 |
| 3 | 36/28.06.2021 | 768 | 2688.00 |
| 4 | 47/31.07.2021 | 738 | 2583.00 |
| 5 | 63/31.08.2021 | 759 | 2656.50 |
| 6 | 75/20.09.2021 | 774 | 2709.00 |
| 7 | 87/25.10.2021 | 744 | 2604.00 |
| 8 | 101/29.11.2021 | 741 | 2593.50 |
| 9 | 115/14.01.2022 | 768 | 2688.00 |
| 10 | 133/28.02.2022 | 750 | 2625.00 |

| | | | |
|---|---|---|---|
| | ആകെ | | 26,418.00 |

ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ സ്ഥാപനം ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ – 17 Dtd 29/08/2022) നൽകിയിരുന്നു. പോഷകാഹാര വിതരണപദ്ധതിയിലെ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി വിഹിതം രേഖപ്പെടുത്താതെ നികുതിയടക്കമുള്ള വില ഈടാക്കിയ സാഹചര്യത്തിൽ വാങ്ങിയ ജി.എസ്.ടി തുക സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സ്ഥാപനത്തിന് ജി.എസ്.ടി റീഫണ്ടായി ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ നിക്ഷേപിക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത്.

സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്മാരായ ശ്രീമതി അപ്സര, ശ്രീ ബെന്നി സക്കറിയ എന്നിവർക്ക് 02/21,03/21 എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് 32400/-രൂപ (ചെക്ക് നം. 105317 & 318 തീയതി 13.04.2021) (ചെക്ക് നം.105333 & 334 തീയതി 30.04.2021) പ്രകാരം നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/2021-22, 26/08/2022 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ആയത് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത് .

### 4-2 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | വർഷം | പ്രൊജക്റ്റ് | നല്കിയ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | നെൽകൃഷിക്ക് കൂലിചെലവ് | 30294 | 30294 | 0 |
| | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 142840 | 142840 | 0 |
| | | ലൈഫ് ഭവനനിർമ്മാണം | 340000 | 340000 | 0 |

| | | | | | |
|---|---|---|---|---|---|
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 97500 | 97500 | 0 |
| | | ആകെ | 610634 | 610634 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 278684 | 278684 | 0 |
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 100000 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -ജനറൽ | 546876 | 546876 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -പട്ടികജാതി | 732000 | 732000 | 0 |
| | | ആകെ | 1657560 | 1657560 | |

## 4-3 നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പ്രോ.84 | 22100998 | 410218 | 0 | 410218 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പ്രോ.82 | 22100997 | 170000 | 0 | 170000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പ്രോ.142 | 22101017 | 459782 | 0 | 459782 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല .

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 10380000/- | 9265333/- | 1833333/- | 0 | 7432000/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 1050 /- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം., തീയതി |
|---|---|---|---|---|
| 2001-2002 | 2-2 | 211 /- | പി ജി ഭാസ്കരൻ | 121030100954 / 20.9.21 |
| | 2-2 | 194 /- | പി എൻ രാജപ്പൻ | 121030100955 / 20.9.21 |
| | 2-2 | 153 /- | എൻ പി അയ്യപ്പൻ | 121030100957 / 20.9.21 |

| | | | | |
|---|---|---|---|---|
| | 2-2 | 144 /- | കെ എൻ ശാന്തകുമാരി | 121030100958 / 20.9.21 |
| | 2-2 | 64 /- | ടി സി ശാന്ത | 121030100959 / 20.9.21 |
| | 2-2 | 75 / | പി ആർ ആര്യാ ദേവി | 121030100960 / 20.9.21 |
| | 2-3 | 209 / | വി സരസ്വതി | 121030100961 / 20.9.21 |
| | ആകെ | 1050 /- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 1998-99 | | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയത് നടുന്നത് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016ൽ ജില്ലാതല മോണിറ്ററിങ്ങ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) 196/2018 / പ്രകാരം സാധൂകരണം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 2014-15 | 2.2 | 2017-18 | പാലക്കുഴ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ 2013-14, 2014-15 വർഷങ്ങളിലെ വസ്തു നികുതി കുടിശിക (വയോ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പ്രൈവററ് ലിമിറ്റഡ്) | |
| 2015-16 | 2.5 | 2017-18 | പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണലുകളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48,696,687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50,854,425 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1465525 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-16 | 1182183 | ശ്രീമതി.ശ്രീദേവി എൻ, സെക്രട്ടറി. |
| 1-17 | 112524 | ശ്രീമതി.നിഷ.എം.കെ, ICDS സൂപ്പർവൈസർ |
| 1-18 | 75000 | ഡോ.ദീപ്തി.കെ.എച്ച്, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 1-19 | 60439 | ശ്രീമതി.ജോസ്ന ജോസ്, കൃഷി ഓഫീസർ |
| 1-20 | 35379 | ഡോ.ഗിരിഷ്, മെഡിക്കൽ ഓഫീസർ ,പിഎച്ച്സി |
| ആകെ | 1465525 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീദേവിഎൻ, സെക്രട്ടറി. | സെക്രട്ടറി, പാലക്കുഴഗ്രാമപഞ്ചായത്ത്. | വേലക്കാട്ടിൽ വീട് കിഴകൊമ്പ് പി ഒ കൂത്താട്ടുകുളം |
| ശ്രീമതി.നിഷ.എം.കെ,ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത്. | മുരിങ്ങാത്തറയിൽ ചേന്ദമംഗലം പി ഒ എറണാകുളം |
| ഡോ.ദീപ്തി.കെ.എച്ച്, ഹോമിയോ മെഡിക്കൽ ഓഫീസർ | ഹോമിയോ മെഡിക്കൽ ഓഫീസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത് | സ്കൈലൈൻ റിവർ സ്കേപ്പ് തോട്ടുമുഖം പി ഒ ആലുവ |
| ശ്രീമതി.ജോസ്ന ജോസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത് | തെക്കേടത്ത് വീട് കടയത്തൂർ തൊടുപുഴ |
| ഡോ.ഗിരിഷ്, മെഡിക്കൽ ഓഫീസർ , പിഎച്ച്സി | മെഡിക്കൽ ഓഫീസർ , പിഎച്ച്സി, പാലക്കുഴ ഗ്രാമപഞ്ചായത്ത് | ശിവനിലയം ലിറ്റിൽ ഫ്ലവർ റോഡ് ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ (പി 2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി 2)1629 /2001 /17.8.1998/19.3.2002 |
| 1999-00 | എൽ.എഫ്.ഇ (പി 2)242/03/16.06.2003 |
| 2000-01 | എൽ.എഫ്.ഇ (പി 2)1488/03/31.03.2004 |
| 2001-02, 2002-03, 2003-04, 2004-05 | എൽ.എഫ്.ഇ (പി 2)439/2005/03.08.2005 |
| 2005-06, 2006-07 | എൽ.എഫ്.ഇ പി1)1572/08/6.10.2009 |
| 2007-08, 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ ((പി9)169/12/ 24.8.2012 |

| | |
|---|---|
| 2011-12 | എൽ.എഫ്.ഇ (പി9)1587/14/5.11.2014/11.12.2014 |
| 2012-13, 2013-14 | എൽ.എഫ്.ഇ (പി9)907/15/8.6.2015 |
| 2014-15 | കെഎസ്എ – ഇ കെ എം (പി9)1304/16/ 29.07.2016 |
| 2015-16 | കെ.എസ്എ – ഇ കെ എം (പി9)2228/16/ 30.01.2017 |
| 2016-17 | കെ.എസ്എ – ഇ കെ എം (പി9)1883/17/ 24.10.2017 |
| 2017-18 | കെ.എസ്എ – ഇ കെ എം (പി9)11/19/ 16.2.2019 |
| 2018-19 | കെഎസ്എ – ഇ കെ എം (പി9)1683/19/ 01.11.19 |
| 2019-20 | കെഎസ്എ – ഇ കെ എം (പി9)129/22 |
| 2020-21 | കെഎസ്എ – ഇ കെ എം (പി9) |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്